## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.97 — 01.07.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. സി.കെ.സദാശിവൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ നടത്തിയ നെല്ല് സംഭരണത്തിൽ കർഷകർക്ക് നെല്ലിന്റെ വില നൽകാനുണ്ടോ ; എങ്കിൽ എത്ര തുകയാണ് നൽകാനുള്ളതെന്ന് അറിയിക്കാമോ ; | (എ) 2014-15 രണ്ടാം വിളയിൽ കർഷകർക്ക് ഇനി നൽകാനുള്ളത് 97.61 കോടി രൂപയാണ്. |
| (ബി) ഈ സീസണിൽ സപ്ലൈകോ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്നറിയിക്കാമോ ; | (ബി) 2014-15 രണ്ടാം വിളയിൽ സപ്ലൈകോ 406813 ടൺ നെല്ല് സംഭരിച്ചു. |
| (സി) എന്ത് നിരക്കിലാണ് സംഭരണം നടത്തിയത് ; സംസ്ഥാനം വിഹിതം നൽകാത്തതിനാൽ കേന്ദ്ര വിഹിതം മാത്രം വിതരണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (സി) കിലോഗ്രാമിന് 19 രൂപ നിരക്കിലാണ് നെല്ല് സംഭരണം നടത്തിയത്. ഒന്നാം ഗഡുവായി, കേന്ദ്രവിഹിതമായ Rs.13.60/- നിരക്കിൽ വിതരണം ചെയ്തു തുടങ്ങിയെങ്കിലും പിന്നീട് രണ്ടാം ഗഡുവായി, സംസ്ഥാന വിഹിതമായ Rs.5.40/- കൂടി നൽകി. സംഭരണ വിലയായ 19 രൂപ പ്രകാരമുള്ള മുഴുവൻ തുകയും 15.05.2015 വരെ നെല്ല് നൽകിയ കർഷകർക്ക് വിതരണം ചെയ്തു. |
| (ഡി) പി.ആർ.എസ്. വായ്പാ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത് എന്തായിരുന്നു ; അതിന്റെ ലക്ഷ്യം നേടാനായിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഡി) പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം കർഷകർ സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ ലഭിക്കുവാനുള്ള തുക അവർ ബാങ്ക് ലോണായി എടുക്കുകയും അതിന്റെ പലിശ സപ്ലൈകോ നൽകുകയും ചെയ്യുന്നു. ഇതനുസരിച്ച് 2014-15 രണ്ടാം വിള സീസണിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ വഴി കോട്ടയം, ആലപ്പുഴ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കർഷകർക്ക് Rs.271.12 കോടി രൂപ 26.06.2015 തീയതി വരെ നൽകിയിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ